# കാറ്റഗറി നമ്പർ : 192/2023
## പാർട്ട് II (സൊസൈറ്റി വിഭാഗം)

കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ (കേരഫെഡ്) അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലിചെയ്യുന്നവരും നിശ്ചിത യോഗ്യതയുള്ളവരുമായ ഉദ്യോഗാർത്ഥികളിൽ നിന്നും താഴെ പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് ഓൺലൈനിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ വഴി അപേക്ഷകൾ ക്ഷണിക്കുന്നു. നിലവിൽ രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാം.

| | | | |
|---|---|---|---|
| 1. | **സ്ഥാപനം** | : | കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (കേരഫെഡ്) |
| 2. | **ഉദ്യോഗപ്പേര്** | : | എൽ.ഡി.ടൈപ്പിസ്റ്റ് |
| 3. | **ശമ്പളം** | : | ₹18000-41500/- |
| 4. | **ഒഴിവുകളുടെ എണ്ണം** | : | 2 (രണ്ട്) |

03.01.2013 തീയതിയിലെ G.O(P) No.1/13/SJD ഉത്തരവ് പ്രകാരം 3% ഒഴിവുകൾ ഭിന്നശേഷിയുള്ളവർക്കായി (Locomotor Disability/ Cerebral Palsy,Hearing impairment & Low vision) സംവരണം ചെയ്തിരിക്കുന്നു.

കുറിപ്പ്:-

i) മേൽ പരാമർശിച്ചിരിക്കുന്ന ഒഴിവുകൾ ഈ തസ്തികയുടെ സൊസൈറ്റി വിഭാഗത്തിനായി ഇപ്പോൾ നിലവിലുള്ളതാണ്. കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ (കേരഫെഡ്) നിന്നും ഈ തസ്തികയിലേക്ക് ഇനിയും എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകൾ , 1 : 1 എന്ന അനുപാതത്തിൽ വിഭജിച്ച് ജനറൽ വിഭാഗത്തിൽ നിന്നും (പാർട്ട് I ), സൊസൈറ്റി വിഭാഗത്തിൽ നിന്നും (പാർട്ട് II )നികത്തുന്നതാണ് . അവയിൽ ആദ്യ ഒഴിവ് ജനറൽ വിഭാഗത്തിനുള്ളതാണ്. 1958 ലെ കെ.എസ് ആന്റ് എസ്.എസ്.ആർ ലെ ജനറൽ റൂൾസ് 14 മുതൽ 17 വരെയുള്ള സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ടു ലിസ്റ്റിലും നിന്നുമുള്ള നിയമനങ്ങൾ.

ii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ തസ്തികയിലേയ്ക്ക് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിൽ സൊസൈറ്റി വിഭാഗത്തിനായി വിഭജിച്ചുകിട്ടുന്ന ഒഴിവുകളിലേക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

iii) ഗവൺമെന്റ് വകുപ്പുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകളിലേക്ക് കമ്മീഷൻ നിയമന ശിപാർശ നടത്തുന്നതുപോലെ റൊട്ടേഷൻ തുടർച്ചയായിട്ടുള്ളതായിരിക്കും. സൊസൈറ്റി വിഭാഗം റാങ്ക് പട്ടികയിൽ ഉദ്യോഗാർഥികളുടെ കുറവുണ്ടായാൽ ആ ഒഴിവുകൾ ജനറൽ വിഭാഗം റാങ്ക്പട്ടികയിൽ നിന്നും നികത്തുന്നതാണ്. അങ്ങനെ നികത്തപ്പെടുന്ന ഒഴിവുകൾ പിന്നീട് സൊസൈറ്റി വിഭാഗത്തിന് തിരികെ ലഭിക്കുന്നതല്ല.

iv) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് സംസ്ഥാന തലത്തിൽ നടത്തുന്നതാണ്.

**5.പ്രൊബേഷൻ** :ഈ ഉദ്യോഗത്തിൽ നിയമിക്കപ്പെടുന്നവരുടെ പ്രൊബേഷൻ അവർ സർവീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷക്കാലയളവിനുള്ളിലെ രണ്ട് വർഷത്തെ സേവനകാലമായിരിക്കും.

**6.നിയമനരീതി** :കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ(കേരഫെഡ്) അഫിലിയേറ്റ് ചെയ്ത മെമ്പർ സൊസൈറ്റികളിൽ സ്ഥിരമായി ജോലി ചെയ്തു വരുന്നവരും നിശ്ചിത യോഗ്യതയുളളവരുമായ ജീവനക്കാരിൽ നിന്നും നേരിട്ടുളള നിയമനം.

**7.പ്രായപരിധി** : 18-50. ഉദ്യോഗാർത്ഥികൾ 02/01/1973-നും 01/01/2005-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ).

**8.യോഗ്യതകൾ:**

1) അപേക്ഷകർ കേരള കേരകർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ(കേരഫെഡ്) അഫിലിയേറ്റ് ചെയ്തിട്ടുള്ള മെമ്പർ സൊസൈറ്റികളിൽ ഏതെങ്കിലും തസ്തികയിൽ മൂന്ന് (3) വർഷത്തെ റഗുലർ സർവീസ് ഉള്ളവരും അപേക്ഷാ തീയതിയിലും നിയമന തീയതിയിലും മെമ്പർ സൊസൈറ്റിയിലെ സേവനത്തിൽ തുടരുന്നവരുമായിരിക്കണം.

2) എസ്.എസ്.എൽ.സി.അല്ലെങ്കിൽ തത്തുല്യ യോഗ്യത

3) കെ.ജി.ടി.ഇ. (ലോവർ) മലയാളം ടൈപ്പ്റൈറ്റിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത

4) കെ.ജി.ടി.ഇ. (ലോവർ) ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് & കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിംഗ് അല്ലെങ്കിൽ തത്തുല്യ യോഗ്യത

കുറിപ്പ്: 2002 ന മുമ്പ് കെ.ജി.ടി.ഇ.ടൈപ്പ്റൈറ്റിംഗ് വിജയിച്ചവർക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ കമ്പ്യൂട്ടർ വേർഡ് പ്രോസസ്സിങ്ങ് / തത്തുല്യ യോഗ്യതയുടെ പ്രത്യേക സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം

<u>കുറിപ്പ്</u> :-

1) Rule 10(a)(ii) of Part II, KS&SSR ഈ തെരഞ്ഞെടുപ്പിന് ബാധകമാണ്.

2) കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡിന്റെ (കേരഫെഡ്) അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സംവരണം ചെയ്തിട്ടുള്ള ഒഴിവിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടയാൾ അപ്രകാരമുള്ള തസ്തികയിൽ തുടരുവോളം, ഈ വിജ്ഞാപന പ്രകാരം നിയമനം ലഭിക്കുന്ന തീയതിയിലും അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘത്തിൽ സേവനത്തിലായിരിക്കണം എന്ന നിബന്ധന ബാധകമാകുന്നതല്ല.

3)ഈവിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്കു പുറമേ , എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും,നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ് .തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

4) ഈ തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്ന കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡിലെ(കേരഫെഡ്) മെമ്പർ സൊസൈറ്റികളിൽ നിന്നുമുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അർഹത തെളിയിക്കുന്നതിനായി സർവ്വീസിനെ സംബന്ധിക്കുന്ന വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള സർവ്വീസ് സർട്ടിഫിക്കറ്റ് സഹകരണ വകുപ്പിലെ **അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)** – ൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതും, കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതുമാണ്. സർവ്വീസ് സർട്ടിഫിക്കറ്റ്(Service certificate) profile-ൽ അപ് ലോഡ് ചെയ്തതിന് ശേഷം സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. സർവ്വീസ് സർട്ടിഫിക്കറ്റിൽ താഴെപ്പറയുന്ന വിവരങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

**<u>സർവീസ് സർട്ടിഫിക്കറ്റ്</u>**

| | | |
|---|---|---|
| 1 | ഉദ്യോഗാർത്ഥിയുടെ പേര് | : |
| 2. | ഉദ്യോഗപ്പേര്, ശമ്പള നിരക്ക് (ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയുടെ പേരും ശമ്പളവും ഓരോ തസ്തികയിലും സ്ഥിരമായി ജോലി നോക്കിയിട്ടുള്ള കാലയളവും) | : |
| 3. | ഉദ്യോഗാർത്ഥി ജോലി ചെയ്യുന്ന സഹകരണ സംഘത്തിന്റെ പേരും സഹകരണ സംഘം കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡിൽ (കേരഫെഡ്) അഫിലിയേറ്റ് ചെയ്ത തീയതിയും | : |
| | | : |
| 4. | ടി സംഘത്തിൽ സ്ഥിരസേവനം ആരംഭിച്ച തീയതിയും തസ്തികയും ഇപ്പോൾ ജോലി ചെയ്യുന്ന തസ്തികയും | |

മേൽപ്പറഞ്ഞ മെമ്പർ സൊസൈറ്റിയിലെ സ്ഥിരം ജീവനക്കാരനായ/ജീവനക്കാരിയായ ശ്രീ/ശ്രീമതി ................................................................ (പേരും മേൽവിലാസവും)-നെ സംബന്ധിച്ചുള്ള വിവരങ്ങൾ ടി ഉദ്യോഗാർത്ഥിയുടെ സർവീസ് സംബന്ധമായ വിവരങ്ങളുമായി ഒത്തു നോക്കിയതിൽ ആയവ സത്യമാണെന്ന് എനിക്ക് ബോധ്യമായിട്ടുള്ളതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പും പേരും
അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)
സഹകരണ വകുപ്പ്

സ്ഥലം :

തീയതി :

**(ഓഫീസ് മുദ്ര)**

**9. അപേക്ഷ സമർപ്പിക്കേണ്ട വിധം :**

(എ)ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി **"ഒറ്റത്തവണ രജിസ്ട്രേഷൻ"** പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User IDയും password-ഉം

ഉപയോഗിച്ച് ലോഗിൻ ചെയ്തശേഷം സ്വന്തം പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്. ഒന്നിൽകൂടുതൽ പ്രൊഫൈലുകൾ സൃഷ്ടിക്കുന്നത് ഗുരുതരമായ കുറ്റവും, ആയത് അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതിന് കാരണമായതുമാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന നോട്ടിഫിക്കേഷൻ ലിങ്കിലെ **Apply now** ൽ മാത്രം ക്ലിക്ക് ചെയ്യേണ്ടതാണ്.പ്രൊഫൈലിൽ upload ചെയ്തിരിക്കുന്ന ഫോട്ടോ 31/12/2013–ന് ശേഷം എടുത്തതായിരിക്കണം. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് Upload ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച് മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിനു മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ് .കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ് .കമ്മീഷന് മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ് .അപേക്ഷാ സമർപ്പണത്തിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കാനോ കഴിയുകയില്ല **.ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/ print out എടുത്ത് സൂക്ഷിക്കേണ്ടതാണ് .ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ "My Applications" എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ് .അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്**. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ് .വിദ്യാഭ്യാസ യോഗ്യത,ജാതി,വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(ബി) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്.അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ ചെയ്ത് അത് ഡൌൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാതീയതി മുതലുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്.നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

(സി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**10. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 20.09.2023** ബുധനാഴ്ച അർദ്ധരാത്രി 12 മണി വരെ

**11. അപേക്ഷ അയയ്ക്കേണ്ട മേൽ വിലാസം : www.keralapsc.gov.in**

**12.** പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 മേൽപ്പറഞ്ഞ തസ്തികയ്ക്ക് ബാധകമല്ല.

**ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

**13.** ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/ സമുദായം എസ് എസ് എൽ സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ നോൺക്രീമിലിയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

**14.** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്.പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**15.** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച തെറ്റായ അവകാശവാദം ഉന്നയിച്ച അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസിജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിനു അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയക്കുന്നതിൽ നിന്നും നിരോധിക്കുകയോ,അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ,എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ,അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ,ഡിസ്മിസ്

ചെയ്യുകയോ,അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമനടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ,മേല്പറഞ്ഞ നടപടികളിൽ ഒന്നോ, അതിലധികമോ, എല്ലാമോ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ വായിച്ചു നോക്കുക)

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ